# പതിമൂന്നാം കേരള നിയമസഭ

എട്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1503**

**22-03-2013 ൽ മറുപടിയ്ക്ക്**

## റൈസ് ബയോ പാർക്ക്

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.സി.ദിവാകരൻ | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| കുട്ടനാട്, പാലക്കാട് എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന റൈസ് ബയോപാർക്ക് എന്നത്തേക്ക് പ്രവർത്തനം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | സംസ്ഥാനത്ത് കുട്ടനാട്, പാലക്കാട് എന്നിവിടങ്ങളിൽ റൈസ് ബയോപാർക്ക് സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകുകയും സ്ഥലം തിരഞ്ഞെടുക്കുന്നതിനുള്ള കമ്മിറ്റി രൂപീകരിച്ച് ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. കുട്ടനാട് റൈസ് ബയോപാർക്ക് നിർമ്മിക്കുന്നതിനായുള്ള സ്ഥല പരിശോധന 04/12/2012 ൽ നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രാരംഭ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. മറ്റ് നടപടികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു. പാലക്കാട് റൈസ് ബയോപാർക്ക് സ്ഥാപിക്കുന്നതിനാവശ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള ശ്രമം പുരോഗമിച്ചുവരുകയാണ്. |

സെക്ഷൻ ഓഫീസർ